പാഠം 4 ജനുവരി 20–26

# ലൗകികതയിൽനിന്നും മോചനം

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിന്: സങ്കീ. 119:11; എഫെ. 6:18; റോമ. 8:5–6; എബ്രാ. 11:1–6; 1 രാജാ 3: 14; യെഹ. 36: 26–27.**

**മനഃപാഠവാക്യം: "ക്രോധദിവസത്തിൽ സമ്പത്ത് ഉപകരിക്കുന്നില്ല; നീതിയോ മരണത്തിൽനിന്നു വിടുവിക്കുന്നു. തന്റെ സമ്പത്തിൽ ആശ്രയിക്കുന്നവൻ വീഴും; നീതിമാന്മാരോ പച്ചയിലപോലെ തഴയ്ക്കും" (സദൃശ. 11:4,28).**

സാത്താൻ യേശുവിനോടു പരാജയപ്പെട്ടു എങ്കിലും മറ്റെല്ലാവരോടും അവൻ വിജയിച്ചിരിക്കുന്നു. ദൈവശക്തിയിലും കവചത്തിലും നാം യുദ്ധം ചെയ്യുന്നില്ലെങ്കിൽ അവൻ ഈ വിജയം തുടർന്നുകൊണ്ടേയിരിക്കും. ലോകത്തിന്റെ വശീകരണത്തിൽ നിന്നും നമ്മെ സ്വാതന്ത്ര്യരാക്കുന്നതു ദൈവം മാത്രമാണ്.

ആകയാൽ നാം നമ്മുടെ ശ്രദ്ധയെ സ്വർഗ്ഗീയ ദാതാവിലേക്കു തിരിക്കണം. അങ്ങനെയുള്ള ജീവിതത്തിന്റെ യഥാർത്ഥ മൂല്യം തിരിച്ചറിഞ്ഞതിനാലാണ് "ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്ന വർക്കോ ഒരു നന്മയ്ക്കും കുറവില്ല" എന്ന് സങ്കീർത്തനക്കാരൻ എഴുതിയത് (സങ്കീ. 34:10). ശലോമോൻ ഈ അറിവിനെയും ധാരണയെയും സ്വർണ്ണത്തെക്കാളും വെള്ളിയെക്കാളും വില കൂടിയത് എന്നു തിരിച്ചറിഞ്ഞു (സദൃ. 3:13 –14).

നമ്മുടെ സമ്പാദ്യങ്ങളിൽനിന്നും നമ്മുടെ കണ്ണുകളെ മാറ്റുകയും നമ്മെ സ്വന്തമാക്കിയിരിക്കുന്ന ജീവനുള്ള ക്രിസ്തുവിനെ നോക്കുകയും ചെയ്യുന്നതിലൂടെയാണു ശരിയായ സന്തോഷവും ജീവിതവും കൈവരുന്നത്.

ഈ ലോകത്തിന്റെ പ്രലോഭനങ്ങളിൽനിന്നും മുക്തി നേടുവാനുള്ള ഏകവഴി യേശുവുമായുള്ള സജീവവും വിജയകരവുമായുള്ള ബന്ധമാണ്. ആ ബന്ധത്തിന്റെ മൂല തത്വങ്ങളെയാണു നാം ഈയാഴ്ച പഠിക്കുന്നത്. ഈ ലോകത്തിന്റെ മുഖംമൂടിക്കുള്ളിൽ ഒളിഞ്ഞിരിക്കുന്ന ശക്തിയെ തിരിച്ചറിയേണ്ടത് നമ്മുടെ ആത്മീയ വിജയത്തിന് അത്യന്താപേക്ഷിതമാണ്. ജീവിതത്തിന്റെ യഥാർത്ഥ കാരണം ക്രിസ്തു ആയിരിക്കേണ്ടതും അതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്നു.

**ഞായർ ജനുവരി 21**

**ക്രിസ്തുവുമായുള്ള ബന്ധം**

ഭൗമിക സമ്പത്തുകളോടുള്ള സ്നേഹം, അതെത്ര പാവപ്പെട്ടവർക്കായാലും, തങ്ങളുടെ ആത്മാവിനെ ക്രിസ്തുവിൽ നിന്നകറ്റി ലോകത്തോട് ബന്ധിപ്പിക്കുന്ന ഒരു ചങ്ങലയാണ്. സമ്പന്നരുമായി തട്ടിച്ചു നോക്കുമ്പോൾ നാം ഒരുപക്ഷേ അധികം ഇല്ലാത്തവരായിരിക്കാം എങ്കിലും ഭൗമിക വസ്തുക്കൾ സ്വന്തമാക്കുവാനുള്ള ഉൽക്കടമായ നമ്മുടെ ആഗ്രഹം ക്രിസ്തുവിന്റെ ശക്തിയാൽ നിയന്ത്രണത്തിലാകു

ന്നില്ലെങ്കിൽ, ആത്മാവിനെ രക്ഷയിൽനിന്നും അടർത്തി മാറ്റും വിധത്തിലുള്ള ഘോര മായ ശാപമായിത്തീരും. ഇത് സാത്താനറിയാവുന്നതുകൊണ്ടാണ് പറ്റുന്നത്രയും പേരെ കുടുക്കിൽ വീഴിക്കുന്നതിനായി അവൻ ദ്രവ്യാഗ്രഹത്തെ ഉപയോഗിക്കുന്നത്. നമ്മുടെ ഏക സംരക്ഷണം എന്താണ്?

"ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ" (കൊലൊ.3:2) പൗലൊസ് പറയുന്ന ഈ കാര്യം നമുക്കെങ്ങനെ ചെയ്യുവാൻ കഴിയും? (കാണുക: സങ്കീ.119:11; എഫെ.6:18;) നാം എന്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം എന്ന് പറയുന്ന മറ്റു ഏതൊക്കെ വാക്യങ്ങൾ നമുക്കു കണ്ടെത്തുവാൻ കഴിയും? (ഉദാ. ഫിലി. 4:8).

ജീവിതത്തിന്റെ ഉയർച്ച താഴ്ചകളിലെല്ലാം ക്രിസ്തുവുമായി നിരന്തര അടുപ്പവും കൂറും പുലർത്തുക മാത്രമാണ് ലൗകികതയ്ക്കുള്ള ഏക പ്രതിവിധി. "മോശെ മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണു കയും ചെയ്തു" (എബ്രാ. 11:26). മറ്റേതു ബന്ധത്തെക്കാളും പ്രഥമ സ്ഥാനം നാം ക്രിസ്തുവിനു കൊടുക്കണം. ബോധ്യത്തിൽ അധിഷ്ഠിതമായ പ്രതിബദ്ധതയാണ് ക്രിസ്തു നോക്കുന്നത്; മുൻഗണന അനുസരിച്ചുള്ളതല്ല. അവൻ ആരാണ്, നമുക്ക് വേണ്ടി എന്ത് ചെയ്തു എന്നതാണ് അതിന്റെ അടിസ്ഥാനം. അല്ലാതെ വിശ്വാസവും സമർപ്പണവും കൊണ്ടുവന്നേക്കാവുന്ന താൽക്കാലിക നേട്ടങ്ങളല്ല.

നമ്മുടെ ജീവിതങ്ങൾ യേശുവിൽ മറഞ്ഞിരിക്കണം. അവന്റെ ആലോചന നമ്മുടെ ആലോചനായായിത്തീരണം. 'തിരിഞ്ഞുനോക്കാതെ' കലപ്പമേൽ കൈവയ് ക്കുന്നതാണ് ശരിയായ സമർപ്പണം (ലൂക്കൊ. 9:62). നാം അപ്രകാരം സമർപ്പിക്കു മ്പോൾ യേശു നമ്മെ നമ്മുടെ പൂർണ്ണ ശക്തിയിലേക്ക് ഉയർത്തും. നാം അവനായി സമർപ്പിക്കുമ്പോൾ, നമ്മുടെ ജീവിതത്തിന്മേലുള്ള ലോകബന്ധനത്തെ അവൻ ഉടച്ചുകളയും. നമ്മുടെ ജീവിതം ക്രിസ്തുകേന്ദ്രീകൃതമാകണം; ദ്രവ്യകേന്ദ്രീകൃതമാ കരുത്. അത് മാത്രമേ നമ്മുടെ ജീവിതത്തിലെ ശൂന്യതയെ ഇല്ലാതാക്കുകയുള്ളൂ.

വളരെയധികം ആവശ്യമുണ്ടായിരുന്ന ഒരു ഭൗകതീക സാധനം കരസ്ഥമാക്കി എന്ന് കരുതുക. അതിൽനിന്നും ലഭിച്ച സന്തോഷം എത്ര നാൾ നീണ്ടു നിന്നു? അത് ലഭിക്കുന്നതിനു മുൻപുള്ള മാനസിക അവസ്ഥയിലേക്കെത്താൻ എത്ര സമയ മെടുത്തു?

**തിങ്കൾ** **ജനുവരി 22**

**വചനത്തിൽ**

അറുനൂറു കോടിയിലധികം വേദ പുസ്തകങ്ങൾ ലോകമെമ്പാടും വിതരണം ചെയ്യപ്പെട്ടു കഴിഞ്ഞു. ഇതിൽ എത്ര എണ്ണം ജീവനുള്ള ദൈവത്തിന്റെ വചനം എന്ന നിലയിൽ വീക്ഷിക്കപ്പെട്ടു? സത്യത്തോട് മറുതലിക്കാതെ ആത്മാർത്ഥ ഹൃദയത്തോടെ എത്രയെണ്ണം മനുഷ്യർ വായിച്ചു? ശരിയായ വചന പഠനം നമ്മുടെ ആത്മീയ ജീവിതത്തെ നയിക്കുകയും വ്യാജവും കലക്കവും നിറഞ്ഞ ലോകത്തിൽ നമ്മുടെ ഗതിയെ നിയന്ത്രിക്കുകയും ചെയ്യും. വേദപുസ്തകം ദൈവദത്തവും ജീവനുള്ളതുമാണ് (എബ്രാ. 4:12). മറ്റെങ്ങും ലഭിക്കാത്ത സത്യങ്ങളിലേക്കു അത് നമ്മെ നയിക്കുന്നു. ദൈനംദിന ജീവിതത്തിലേക്കു ക്രിസ്തു നൽകിയ വഴികാട്ടി

യാണ് ബൈബിൾ. നമ്മുടെ സ്വഭാവത്തെ ശുദ്ധി ചെയ്തും നമ്മുടെ ബുദ്ധിയെ വികസിപ്പിച്ചും അത് നമുക്ക് ശിക്ഷണം നൽകുന്നു.

**വായിക്കുക:** യോഹ. 5:39; 14:6; 20:31. യേശുക്രിസ്തുവിനെക്കുറിച്ചുള്ള ഏറ്റവും ആധികാരികമായ അറിവ് ലഭിക്കുന്നത് ബൈബിളിൽ നിന്നാണ്, പ്രത്യേകിച്ചും സുവിശേഷങ്ങളിൽ നിന്നാണ്. യോഹന്നാനിൽ നിന്നുള്ള ഈ വാക്യങ്ങൾ യേശുവിനെക്കുറിച്ച് എന്ത് പറയുന്നു? എന്ത് കൊണ്ട് യേശു നമുക്കും നമ്മുടെ വിശ്വാസത്തിനും പ്രധാനമാണ്?

സത്യത്തിന്റെ ആത്യന്തിക ഉറവിടമാണ് ബൈബിൾ എന്നതുകൊണ്ടാണ് നാം അത് പഠിക്കുന്നത്. യേശുവാണ് സത്യം. ബൈബിൾ അവനെ നമുക്കായി വെളിപ്പെടുത്തുന്നതിനാൽ നാം അറിയേണ്ടതുപോലെ അവനെ അവിടെ കണ്ടെത്തുന്നു. യേശു ആരാണെന്നും അവൻ നമുക്കുവേണ്ടി എന്ത് നേടിയെന്നും നാം പഴയതും പുതിയതുമായ നിയമങ്ങൾ അടങ്ങിയ തിരുവചനത്തിൽ നിന്നും പഠിക്കുന്നു. നാം അവനുമായി സ്നേഹത്തിലാകുന്നു; നാം നമ്മുടെ ജീവിതങ്ങളെ നിത്യമായി കാത്തുസൂക്ഷിക്കപ്പെടേണ്ടതിനു അവന്റെ മൻപിൽ സമർപ്പിക്കുന്നു. യേശുവിനെ അനുഗമിക്കുകയും അവന്റെ വചനങ്ങളെ അനുസരിക്കുകയും ചെയ്യുന്നതിലൂടെ ലോകത്തിന്റെയും പാപത്തിന്റെയും ബന്ധനങ്ങളിൽ നിന്നും നാം മോചിതരാകുന്നു. "പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും." (യോഹ. 8:36).

**വായിക്കുക:** റോമാ. 8:56. എന്തിനെതിരായുള്ള മുന്നറിയിപ്പാണ് ഇവിടെയുള്ളത്? നമ്മുടെ ഹൃദയത്തിന്മേലുള്ള ഈ പോരാട്ടത്തിൽ വിജയിക്കുവാൻ വചനപഠനം നമ്മെ എങ്ങനെ സഹായിക്കുന്നു?

വളരെ ശ്രദ്ധാലുക്കളായിരിക്കുന്നില്ലെങ്കിൽ ലോകസ്നേഹം- വിശേഷാൽ സമ്പത്തിനോടുള്ള സ്നേഹം - നമ്മെ ദൈവത്തിൽ നിന്നും അടർത്തി മാറ്റും. അതിനാൽ നാം വചനത്തിൽ നിലനിൽക്കേണ്ടിയിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ ഏറ്റം നിർണ്ണായകമായിട്ടുള്ള ആത്മികവും നിത്യവുമായ യാഥാർത്ഥ്യങ്ങളിലേക്കു വചനം നമ്മെ വിരൽ ചൂണ്ടി നടത്തുന്നു.

ലൗകികത മനസ്സിനെ ഒരിക്കലും ആത്മീയ സദാചാരത്തിലേക്കു ഉയർത്തുന്നില്ല; വേദപുസ്തക തത്വങ്ങൾക്ക് പകരം അത്യാഗ്രഹം, സ്വാർത്ഥത, കാമവികാരം എന്നിവ മനസ്സിൽ നിറയുന്നു. വേദപുസ്തകം വെളിവാക്കുന്ന സ്നേഹ ബന്ധങ്ങളെ പണിതുയർത്തുകയും നമ്മെത്തന്നെ മറ്റുള്ളവർക്കു നൽകുന്നതിന്റെ പ്രാധാന്യത്തെ പഠിപ്പിക്കുകയും ചെയ്യുന്നു. യേശു പ്രതിനിധാനം ചെയ്യുന്ന സകലതിനും എതിരാണ് ലൗകികത. സകലതും എനിക്ക് വേണം എന്നതാണ് അതിന്റെ സാരാംശം.

**ചൊവ്വ** **ജനുവരി 23**

**പ്രാർത്ഥനാജീവിതം**

"ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു" (യോഹ. 17:3). തങ്ങളുടെ വിശ്വാസം ദൈവവുമായുള്ള ബന്ധമാണെന്നു ക്രിസ്ത്യാനികൾ പറയുന്നതിൽ

അതിശയമില്ല. ദൈവത്തെ അറിയുന്നത് 'നിത്യജീവൻ' ആണെങ്കിൽ ആ ജീവനെ അവനുമായിട്ടുള്ള ബന്ധത്തിലൂടെ നമുക്ക് കണ്ടെത്താം. ബന്ധത്തിന്റെ നട്ടെല്ല് തീർച്ചയായും ആശയവിനിമയമാണ്. ദൈവം നമ്മോടു ആശയവിനിമയം നടത്തുന്നത് എഴുതപ്പെട്ട തന്റെ വചനത്തിലൂടെയാണ്. നാം അവനുമായി പ്രാർത്ഥനയിലൂടെയും സംസാരിക്കുന്നു.

ലൗകീകതയെ ഉപേക്ഷിച്ചു സ്വർഗ്ഗീയമായതിൽ ശ്രദ്ധിക്കുവാൻ പ്രാർത്ഥന അനിവാര്യമാണ്. എന്തെന്നാൽ പ്രാർത്ഥനയുടെ പ്രകൃതം തന്നെ നമുക്ക് കഴിയാത്ത തായ ഉന്നത മണ്ഡലങ്ങളിലേക്കു നമ്മെ എത്തിക്കുക എന്നതാണ്.

പ്രാർത്ഥിക്കുന്നതിലും നമുക്ക് ശ്രദ്ധ വേണം, കാരണം പ്രാർത്ഥന ചിലപ്പോഴെ ങ്കിലും നമ്മുടെ സ്വാർത്ഥ താല്പര്യങ്ങളുടെ വെറും പ്രകടനമായി മാറാൻ സാധ്യത യുണ്ട്. അതുകൊണ്ടാണ് നാം ദൈവ ഇഷ്ടത്തിന് കീഴ്പ്പെട്ടു പ്രാർത്ഥിക്കേണ്ടത്.

വർഷങ്ങൾക്കു മുൻപ് ഒരു സ്ത്രീ ഇപ്രകാരം പാടി: "ദൈവമേ, നീ എനിക്കൊരു ബെൻസ് കാറ് വാങ്ങിത്തരില്ലേ?" വിശ്വാസികൾ എന്ന് അഭിമാനിക്കുന്നവരുടെ ഭൗതിക ചിന്തകളിന്മേലുള്ള അവളുടേതായ രീതിയിലുള്ള ഒരു ആക്രമണമായിരുന്നു അത്. പ്രാർത്ഥന എന്നത് ലൗകീകതയുടെ മരണവും ദൈവസന്നിധിയിലുള്ള കീഴട ങ്ങലുമാണ്. പ്രാർത്ഥനയിലൂടെ നാം നമ്മുടെ ഇഷ്ടമല്ല, ദൈവയിഷ്ടമാണ് അന്വേ ഷിക്കേണ്ടത്.

**വായിക്കുക:** എബ്രാ. 11:1-6. എല്ലാ പ്രാർത്ഥനകളുമായും കൂട്ടുചേരേണ്ട ഏറ്റവും പ്രാധനപ്പെട്ട ഘടകം എന്താണ്? വിശ്വാസത്തോടെ ദൈവസന്നിധിയിൽ വരുക, വിശ്വാസത്തോടെ പ്രാർത്ഥിക്കുക എന്നാൽ എന്ത്?

വിശ്വാസമില്ലാത്ത പ്രാർത്ഥന സാത്താന്റെ കള്ളനാണയമായ ഭാവനയാണ്. വിശ്വാസവും പ്രാർത്ഥനയും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. അവയെ ഒരുമിച്ചാണ് പഠിക്കേണ്ടത്. പ്രാർത്ഥനയിൽ ദൈവിക ശാസ്ത്രമുണ്ട്. ജീവിത വിജയ ത്തിനായി പ്രവർത്തിക്കുന്ന ഏവരും ഗ്രഹിക്കേണ്ട ശാസ്ത്രമാണത്. യേശു പറയുന്നു: "അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മർക്കൊ. 11:24).

നമ്മുടെ പ്രാർത്ഥനകൾ ദൈവ ഇഷ്ടത്തോട് ചേർന്ന് പോകണം എന്നാണ് യേശു വ്യക്തമാക്കുന്നത്. ദൈവ വാഗ്ദത്തങ്ങൾക്കു വേണ്ടിയാണ് നാം പ്രാർത്ഥി ക്കേണ്ടത്. നമുക്ക് ലഭിക്കുന്നതൊക്കെയും അവന്റെ ഇഷ്ടം ചെയ്യുന്നതിനായി ഉപയോഗിക്കണം. വ്യവസ്ഥകൾ പാലിക്കുന്നവരുടെമേൽ വാഗ്ദത്തം ഉറപ്പായും നിറവേറപ്പെടും. EGW Prayer P 57.

നിങ്ങളുടെ പ്രാർത്ഥനാ ജീവിതത്തെക്കുറിച്ച് ചിന്തിക്കുക: നിങ്ങൾ എന്തിനു വേണ്ടിയാണ് പ്രാർത്ഥിക്കാറുള്ളത്? പ്രാർത്ഥനയിലുള്ള നിങ്ങളുടെ മുൻ ഗണനകൾ എന്തൊക്കെ? മറ്റെന്തൊക്കെ കാര്യങ്ങൾക്കായി നിങ്ങൾ പ്രാർത്ഥിക്കേണ്ടിയിരി ക്കുന്നു?

**ബുധൻ** **ജനുവരി 24**

**വിവേകപൂർണ്ണമായ ജീവിതം**

"ആകയാൽ ഗുണവും ദോഷവും തിരിച്ചറിഞ്ഞു നിന്റെ ജനത്തിനു ന്യായ പാലനം ചെയ്‌വാൻ വിവേകമുള്ളൊരു ഹൃദയം എനിക്കു തരണമേ" എന്ന ശലോമോന്റെ പ്രാർത്ഥന വേദപുസ്തകത്തിലെ മനോഹര പ്രാർത്ഥനകളിൽ ഒന്നാണ് (1 രാജാ. 3:9).

അനുസരണത്തെ കുറിക്കുന്ന എന്ത് പ്രധാനപ്പെട്ട കാര്യങ്ങളാണു ദൈവം ശലോമോനോട് പറഞ്ഞത്? ദൈവം അവനോടു പറഞ്ഞകാര്യം നമുക്കെല്ലാവർക്കും പ്രാധാന്യമുള്ളതായി തീരുന്നതു എന്തുകൊണ്ട്? (1 രാജാ.3:14; 1 യോഹ.5:3; 1 പത്രൊ. 4:17 കാണുക).

ശലമോൻ ഏറ്റവും വലിയ ജ്ഞാനി ആയിരുന്നു. എന്നാൽ ജ്ഞാനത്തെ വേണ്ടപോലെ ഉപയോഗിക്കുകയും പ്രവർത്തി പഥത്തിൽ കൊണ്ടുവരുകയും ചെയ്യുന്നില്ലെങ്കിൽ അത് കൊണ്ട് പ്രയോജനം ഇല്ല. വേദപുസ്തകപ്രകാരം പറഞ്ഞാൽ പ്രവൃത്തിയിലെത്തിക്കാത്ത ജ്ഞാനം, ജ്ഞാനമല്ല; അത് വെറും അറിവ് മാത്രമാണ്. ദൈവത്തെക്കുറിച്ചും അവന്റെ കല്പനകളെക്കുറിച്ചും ധാരാളം അറിവ് ലഭിച്ച പലരും അന്ത്യനാളിൽ നഷ്ടപ്പെടുന്നവരുടെ കൂടെയായിരിക്കും. ശലോമോന്റെ അനുസരണക്കേടു ദൈവം വിളിച്ച വഴികളിൽ നിന്നും അലഞ്ഞുതിരിയുവാൻ അവനു ഇടയാക്കി. അനേകനാളുകൾക്കു ശേഷമാണ് അവൻ യഥാർത്ഥമായും സുബോധം പ്രാപിക്കുകയും താഴ്മയോടെ "ജ്ഞാനം മുത്തുകളെക്കാൾ നല്ലതാകുന്നു; മനോഹരമായതൊന്നും അതിനു തുല്യമാകയില്ല." എന്ന് എഴുതിയത് (സദൃ. 8:11).

വിവേകം എന്നത് അറിവിന്റെയും ഗ്രാഹ്യത്തിന്റെയും ശരിയായ പ്രയോഗമാണ്. അറിവ് വസ്തുതകളെ പ്രതിനിധീകരിക്കുന്നു. നമ്മുടെ അറിവിനെയും ധാരണയെയും ജീവിതത്തിൽ പ്രയോഗിക്കുന്നതിലൂടെയാണ് ജ്ഞാനം ഉണ്ടാകുന്നതു. വിവേകിയായ ഒരു കാര്യവിചാരകനുവേണ്ടത് അറിവും ഗ്രാഹ്യവുമല്ല, ഇവയെ ജീവിതത്തിൽ നടപ്പാക്കുന്നതിലൂടെ ഉണ്ടാകുന്ന അനുഭവമാണ്.

ലഭിച്ച അറിവിനനുസരണമായി ജീവിക്കുന്നില്ല എങ്കിൽ ഏതു ബുദ്ധിമാനും ലൗകീക സുഖഭോഗങ്ങളുടെ പൊള്ളത്തരങ്ങളിലേക്കു എളുപ്പത്തിൽ വീണു പോകും എന്ന് ശലമോന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

**താരതമ്യം ചെയ്യുക:** 1 കൊരി. 3:19; സദൃശ. 24:13–14. ഇവിടെ പറഞ്ഞിരിക്കുന്ന രണ്ടുതരം ജ്ഞാനം തമ്മിലുള്ള വ്യത്യാസം എന്താണ്? ഉത്തരം ക്ലാസിൽ പങ്കുവെക്കുക.

**വ്യാഴം** **ജനുവരി 25**

**പരിശുദ്ധാത്മാവ്**

വൻവിവാദം ഒരു സത്യമാണ്. നമ്മുടെ ജീവനായി ഇരുവശങ്ങളും യുദ്ധം ചെയ്യുന്നു. ഒന്ന് നമ്മെ ക്രിസ്തുവിലേക്കും (യോഹ. 6:44). മറ്റേതു ലോകത്തിലേക്കും

(1 യോഹ. 2:16) വലിക്കുന്നു. നാം സമർപ്പണ ജീവിതം നയിക്കുകയാണെങ്കിൽ പരിശുദ്ധാത്മാവിന്റെ ശക്തി നമ്മെ ശരിയായ ദിശയിലേക്കു നയിക്കും. "സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും" (യോഹ. 16:13, യോഹ. 14:16 കാണുക) ലോകത്തിൽ കണ്ടുവരുന്ന തോന്നലുകളിലും വികാരങ്ങളിലുമല്ല, തത്വങ്ങളിലും വിശ്വാസത്തിലും അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കും. പരിശുദ്ധാത്മ നിയന്ത്രണ ത്താൽ വിശ്വസ്തതയോടെ ഈ ലോകത്തിൽ ജീവിക്കുന്നതിലൂടെയാണ് സ്വർഗ്ഗീയ ജീവിതത്തിനാവശ്യമായ വിജയകരമായ മുന്നൊരുക്കം ഉണ്ടാകുന്നത്. പൗലൊസ് പറയുന്നു: "നിങ്ങളുടെ വിശ്വസത്തിനു മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നെ ആധാരം" (1 കൊരി. 2:4). ഭൗമീക സമ്പത്തുകളിൽ കൂടിയുണ്ടാകുന്ന ലോകത്തിന്റെ വശീകരണം ദൈവത്തിൽനിന്നും നമ്മെ അകറ്റുന്നു. നാം പ്രതിരോ ധിക്കുന്നില്ലായെങ്കിൽ പരിശുദ്ധാത്മ ശക്തി നമ്മെ യേശുവിനോടു അടുപ്പിക്കാം.

ലോകത്തോടും അതിന്റെ വശീകരണങ്ങളോടുമുള്ള യുദ്ധം നമ്മുടെ സ്വയത്തിനു പുറമെ നിന്ന് മാത്രമേ വിജയിക്കുവാനാകുകയുള്ളു.

**വായിക്കുക:** യെഹെ. 36:26–27; യോഹ. 14:26; എഫെ.3:16–17. നമ്മെ കൈവശ പ്പെടുത്തുവാൻ നാം പരിശുദ്ധാത്മാവിനെ അനുവദിക്കുകയാണെങ്കിൽ നമുക്ക് ആത്മീയ വിജയം ഉണ്ട് എന്ന് ഉറപ്പിക്കുവാനായി ദൈവം എന്തൊക്കെ കാര്യങ്ങൾ ചെയ്യും?

"തെറ്റായ സിദ്ധാന്തങ്ങളിലൂടെയും പാരമ്പര്യങ്ങളിലൂടെയും ആണ് സാത്താൻ മനുഷ്യ മനസ്സുകളുടെ മേൽ ശക്തി നേടുന്നത്. തെറ്റായ നിലവാരങ്ങളിലേക്കു മനുഷ്യരെ നയിച്ച് അവൻ മനുഷ്യസ്വഭാവത്തെ വികൃതമാക്കുന്നു. തിരുവെഴുത്തു കളിലൂടെ പരിശുദ്ധാത്മാവ് ഹൃദയങ്ങളോട് സംസാരിക്കുകയും സത്യത്തെ ഹൃദയ യത്തിൽ മുദ്രണം ചെയ്യുകയും ചെയ്യുന്നു. അങ്ങനെ അവൻ തെറ്റിനെ തുറന്നുകാട്ടി മനസ്സിൽ നിന്നും ബഹിഷ്കരിക്കുന്നു. ദൈവവചനത്തിലൂടെ പ്രവർത്തിക്കുന്ന സത്യത്തിന്റെ ആത്മാവിലൂടെയാണ് ക്രിസ്തു തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ തനിക്ക് വിധേയമാക്കുന്നത്." EGW DA P 671.

പരിശുദ്ധാത്മാവ് സത്യത്തിന്റെ ദൂതുവാഹകനും തന്റെ സ്വർഗ്ഗാരോഹണത്തി നുശേഷം ദൈവികത്വത്തെ പ്രതിനിധീകരിക്കുന്നതിനായി യേശുവിനു നൽകുവാൻ കഴിയുന്ന ആത്യന്തികമായ ദാനവുമാകുന്നു. ഈ ലോകത്തിന്റെ ശക്തിയേറിയ വശീകരണത്തെയും അതിന്റെ കമനീയതയെയും അതിജീവിക്കുവാനാവശ്യമായ ശക്തി നമുക്ക് തരുവാനായി പരിശുദ്ധത്മാവ് പ്രവർത്തിക്കുന്നു.

ലോകം നമ്മെ ഓരോരുത്തരെയും ആകർഷിക്കുന്നുണ്ട്, ഇല്ലേ?

ലോകത്തിന്റെ പ്രലോഭനങ്ങളെ ചെറുക്കുവാൻ ഉള്ള ശക്തി പരിശുദ്ധാത്മാ വിനു മാത്രമേ തരുവാൻ കഴിയുകയുള്ളു. അവന്റെ കയ്യിൽ നിങ്ങളെത്തന്നെ സമർ പ്പിക്കുവാനാവശ്യമായ എന്ത് തിരഞ്ഞെടുപ്പുകൾ നടത്തുവാൻ താങ്കൾക്ക് സാധിക്കും?

**കൂടുതൽ ചിന്തയ്ക്ക്:** സ്നേഹം, കടമ എന്ന ഇരട്ട തത്വങ്ങളിന്മേൽ നിന്നു കൊണ്ട് ആണ് ഒരു കാര്യസ്ഥൻ പ്രവർത്തിക്കുന്നത്. "കടമയ്ക്ക് സ്നേഹം എന്നൊരു ഇരട്ട സഹോദരിയുള്ള കാര്യം വിസ്മരിക്കരുത്. ഇവ രണ്ടും ഐക്യപ്പെട്ടാൽ ഏകദേശം എന്തും നേടാനാകും. പിരിഞ്ഞാലോ, രണ്ടിന്റെയും നന്മകൾ ഇല്ലാതാകും." EGW Testimonies Vol. 4 P 62.

സ്നേഹത്തിന്റെ ക്രിയയാണ് കർത്തവ്യം. ക്രിസ്തുവിന്റെ ത്യാഗത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ സ്നേഹം നമ്മുടെ കർത്തവ്യബോധത്തെ ഉണർത്തും. വെറുപ്പും അതിന്റെ ഇരട്ട സഹോദരനായ കലഹവുമാണ് ലൗകികതയുടെ തത്വങ്ങൾ. കർമ്മനിരതനായിരിക്കുന്ന വെറുപ്പാണ് കലഹം. ലൂസിഫർ ദൈവത്തോട് മത്സരിച്ചു (യെഹെ. 28:16-17). അവന്റെ അന്ത്യനാശംവരെയും ഈ മത്സരം തുടർന്നുകൊണ്ടേയിരിക്കും. സ്നേഹത്തിന്റെ അധികാരത്തെ അവൻ അധികാരത്തോടുള്ള സ്നേഹമാക്കിത്തീർത്തു. യേശുവിന്റെ അധികാരത്തെയും ശക്തിയെയും യിസ്രായേലിലെ മതനേതാക്കന്മാർ വെറുത്തു (മത്താ. 22:29). മാറ്റങ്ങൾക്കു കീഴ്പ്പെടാതെ, അവർ തങ്ങളുടെ നിലപാടുകളിൽത്തന്നെ ഉറച്ചു നിന്നു.

**ചർച്ച ചെയ്യുക:**

1 സ്നേഹത്തെയും കർത്തവ്യത്തെയുംക്കുറിച്ച് ആഴത്തിൽ ചിന്തിക്കുക, ഇരട്ടകളായ ഇവർ ഒരുമിച്ചു നിൽക്കുന്നില്ലെങ്കിൽ ഒന്നും ചെയ്യുവാൻ കഴിയാത്തവരാകും എന്ന് പറയുന്നതിലൂടെ സഹോദരി വൈറ്റ് അർത്ഥമാക്കുന്നതെന്തു? കർത്തവ്യത്തെ കൂടാതെയുള്ള സ്നേഹവും, സ്നേഹത്തെ കൂടാതെയുള്ള കർത്തവ്യവും കാഴ്ചയിൽ എങ്ങനെയിരിക്കും? അവർ ഒരുമിച്ചു നിൽക്കേണ്ടത് എന്തുകൊണ്ട്?

2. ഈ ആഴ്ചത്തെ മനഃപാഠവാക്യത്തിന്റെ അർത്ഥം എന്താണ്? സമ്പത്തിനെക്കുറിച്ചു അത് എന്തു പറയുന്നു? എന്തു പറയുന്നില്ല?

3. ശലോമോന്റെ ജീവിതത്തെക്കുറിച്ച് ചർച്ച ചെയ്യുക. ശരിയായ പാത വിട്ടു ഇത്ര അധികം ശലോമോൻ സഞ്ചരിച്ചത് എന്ത്കൊണ്ട്? ലൗകിക സമ്പത്തുകളുടെ ശൂന്യതയെയും വ്യർത്ഥതയെയും കുറിക്കുന്ന വാക്യങ്ങൾ സഭാപ്രസംഗിയിൽ നിന്നും കണ്ടെത്തുക. പ്രാർത്ഥനയെയും വചന പഠനത്തെയും ക്രിസ്തുവു മായുള്ള ബന്ധത്തെയും കുറിച്ച് ഈയാഴ്ച നാം എന്തൊക്കെയാണ് പഠിച്ചത്?

4. അധികം സമ്പത്തില്ലാത്തവരും സാത്താന്റെ കെണിയിൽ പെടുന്നതെങ്ങനെ?

5. വ്യത്യസ്ത തരത്തിലുള്ള ജ്ഞാനത്തെക്കുറിക്കുന്ന ബുധനാഴ്ച്ചത്തെ അവസാന ചോദ്യത്തിനുള്ള നിങ്ങളുടെ ഉത്തരം എന്താണ്?